എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ നിലവിലെ അവസ്ഥ

116 (4107) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ-യുടെ .ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) നാളിതുവരെ ഈ പ്രവൃത്തിയുടെ എത്ര തുക പാസാക്കി നൽകിയിട്ടുണ്ട്;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ആസ്തി വികസന ഫണ്ട്

117 (4108) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ എത്ര പദ്ധതികൾ പൂർത്തീകരിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

വിദേശ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രധാന പ്രോജക്ടുകൾ

118 (4109) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രധാന പ്രോജക്ടുകളുടെ വിശദവിവരം നല്കാമോ ;

(ബി) സംസ്ഥാനം വിദേശസഹായ പദ്ധതികളുടെ വായ്പാ തിരിച്ചടവിനത്തിൽ പ്രതിവർഷം എത്ര തുക ശരാശരി ചെലവിടേണ്ടി വരുന്നുണ്ടെന്നറിയിക്കാമോ ; അതിൽ മുതൽ - പലിശ അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദേശ സഹായ പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പ് മോണിറ്റർ ചെയ്യാൻ പ്രത്യേക സംവിധാനമെന്തെങ്കിലും ധനകാര്യവകുപ്പിൽ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിദേശ സഹായത്തോടുകൂടി നിലവിൽ ചുവടെ പറയുന്ന ഏഴ് പ്രോജക്ടുകളാണ് സംസ്ഥാനത്ത് നടപ്പാക്കികൊണ്ടിരിക്കുന്നത്.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	വിദേശ ഏജൻസി	അംഗീകരിച്ച തുക
1	കെ.എസ്.യു.ഡി.പി.	ഏഷ്യൻ വികസന ബാങ്ക്	995.4 കോടി രൂപ
2	കേരള വാട്ടർ സപ്ലൈ പ്രോജക്ട് - II	ജിക്ക	3277.70 കോടി യെൻ
3	കേരള വാട്ടർ സപ്ലൈ പ്രോജക്ട് - III	ജിക്ക	1272.70 കോടി യെൻ
4	ജലനിധി - II	ലോക ബാങ്ക്	658 കോടിരൂപ
5	കേരള ലോക്കൽ ഗവൺമെന്റ് ആന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ. ജി.എസ്.ഡി.പി.)	ലോക ബാങ്ക്	919.87 കോടി രൂപ
6	ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്)	ലോക ബാങ്ക്	223.96 കോടി രൂപ
7	കെ.എസ്.ടി.പി.-II	ലോക ബാങ്ക്	1166 കോടി രൂപ

(ബി) വിദേശ സഹായ പദ്ധതികളുടെ വായ്പാ തിരിച്ചടവിനായി ശരാശരി 74,61,83,948 രൂപ മുതലിനത്തിലും 129,37,83,511 രൂപ പലിശ ഇനത്തിലും പ്രതിവർഷം ചെലവിടുന്നുണ്ട്. 100:173 എന്ന അനുപാതത്തിലാണ് പ്രതിവർഷം തിരിച്ചടയ്ക്കപ്പെടുന്ന മുതൽ പലിശ അനുപാതം.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദേശ സഹായ പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പ് മോണിറ്റർ ചെയ്യാൻ ധനകാര്യ വകുപ്പിൽ നിലവിൽ സംവിധാനമില്ല. ചീഫ് സെക്രട്ടറി ചെയർമാനായ ഒരു മോണിറ്ററിംഗ് കമ്മിറ്റി വിദേശ സഹായ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

വാളയാർ മിഷൻ

119 (4110) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാളയാർ മിഷന്റെ ഭാഗമായി ഏതെല്ലാം വകുപ്പുകളാണ് വാളയാർ ചെക്ക്പോസ്റ്റിൽ പ്രവർത്തിക്കുന്നത്, വിശദാംശം നൽകുമോ ;

(ബി) മോട്ടോർ വാഹന വകുപ്പ് വാളയാർ മിഷന്റെ പരിധിയിൽ വരുന്നതാണോ, ഇല്ലെങ്കിൽ ഈ വകുപ്പിനെ ഉൾപ്പെടുത്താത്തത് സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകളെയെല്ലാം സംയോജിത ചെക്ക് പോസ്റ്റ് ആക്കി മാറ്റുന്നതിന്റെ ഭാഗമായി ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് സർക്കാർ നിയോഗിച്ച ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വാളയാറിൽ വാണിജ്യ നികുതി, മോട്ടോർ വാഹനവകുപ്പ്, എക്സൈസ് എന്നീ വകുപ്പുകളുടെ ചെക്ക്പോസ്റ്റ് സംയോജിപ്പിച്ച് ഒരു സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) മോട്ടോർ വാഹനവകുപ്പിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

റവന്യൂ കമ്മിയുടെ വർദ്ധനവ്

120 (4111) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ സർക്കാർ പ്രതീക്ഷിച്ചിരുന്ന റവന്യൂ കമ്മിയും യഥാർത്ഥ റവന്യൂ കമ്മിയും എത്ര വീതമായിരുന്നു എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) 2014-15 സാമ്പത്തിക വർഷം സർക്കാർ പ്രതീക്ഷിച്ചിരുന്ന റവന്യൂ കമ്മി എത്രയെന്നും ഇതുമായി ബന്ധപ്പെട്ട് ഏറ്റവും ഒടുവിൽ കണക്ക് ലഭിച്ച മാസം വരെയുള്ള റവന്യൂ കമ്മി എത്രയെന്നും പ്രതീക്ഷിക്കുന്ന റവന്യൂ കമ്മി എത്രയാണെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly